# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 405

## 24.01.2018 ലെ മറുപടിക്ക്

## <u>ആർ.ഐ.ഡി.എഫ്. പദ്ധതി</u>

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 20% തുക ചെലവഴിച്ച് നടപ്പാക്കാവുന്ന പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ; | നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ.ഉ.(അ) നം. 160/2017/ധന. തീയതി 29.12.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ 80% മുതൽ 95% വരെ നബാർഡ് ലോണായി അനുവദിക്കുന്നു. 5% മുതൽ 20% വരെയുള്ള തുക ആസ്തി വികസന ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. ഇപ്രകാരം ആസ്തി വികസന ഫണ്ടിൽ നിന്നും 20% തുക ചെലവഴിച്ച് നടപ്പിലാക്കാവുന്ന പ്രവൃത്തികൾ ഇവയാണ്.<br>1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം. (റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതിയും 1 കി.മീ. നീളവും ഉണ്ടായിരിക്കേണ്ടതാണ്).<br>2. ഗ്രാമീണ മേഖലയിലെ പാലങ്ങളുടെ നിർമ്മാണം.<br><br>നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൻ കീഴിൽ അനുവദനീയമായ മറ്റ് പ്രവൃത്തികളുടെ ആസ്തി വികസന ഫണ്ട് വിഹിതം 5 ശതമാനമോ 15 ശതമാനമോ ആണ്. വിശദവിവരം അനുബന്ധമായി നൽകുന്നു. |
| (ബി) | ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ

## കേരള സര്‍ക്കാര്‍

### സംഗ്രഹം

ധനകാര്യ വകുപ്പ്—നിയോജകമണ്ഡല ആസ്തി വികസന പദ്ധതി—
നബാര്‍ഡ് RIDF പദ്ധതികള്‍ക്കായി ആസ്തി വികസന ഫണ്ട്
വിനിയോഗിക്കുന്നതിന് അനുമതി നല്‍കി—
ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### ധനകാര്യ (നോഡല്‍ സെന്റര്‍-ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പര്‍ 160/2017/ധന.      തിരുവനന്തപുരം, 2017 ഡിസംബര്‍ 29.**

---

പരാമര്‍ശം:—സ.ഉ.(അ) നമ്പര്‍ 86/2017/ധന. തീയതി 4-7-2017.

### ഉത്തരവ്

ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി നബാര്‍ഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന സുപ്രധാന പദ്ധതിയാണ് നബാര്‍ഡ്-ആര്‍.ഐ.ഡി.എഫ്. പദ്ധതി. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളില്‍ കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ജലസേചനം, പൊതുമരാമത്ത്, ശുചിത്വ പരിപാലനം തുടങ്ങിയ മേഖലകളില്‍ അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകുന്ന രീതിയില്‍ നിരവധി പ്രവൃത്തികള്‍ പദ്ധതിയിന്‍കീഴില്‍ ഇതിനോടകം പൂര്‍ത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ അടങ്കല്‍ തുകയുടെ 80% മുതല്‍ 95% വരെ നബാര്‍ഡ് ലോണ്‍ ആയി അനുവദിക്കുന്നു. 5% മുതല്‍ 20% വരെയുള്ള തുക സംസ്ഥാന സര്‍ക്കാരോ അല്ലെങ്കില്‍ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമോ പൊതുമേഖലാ സ്ഥാപനമോ സര്‍വ്വകലാശാലയോ ആണ് വഹിക്കുന്നത്.

2. നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകമായ മൂലധന സ്വഭാവമുള്ള ആസ്തികളുടെ നിര്‍മ്മിതിക്കായി സംസ്ഥാന സര്‍ക്കാര്‍ ആരംഭിച്ച പദ്ധതിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS). നിയോജകമണ്ഡല ആസ്തി വികസന പദ്ധതി നടപ്പാക്കുന്നതിലേക്കായി ഓരോ എം.എല്‍.എ.-യ്ക്കും ഒരു സാമ്പത്തിക

വർഷം അഞ്ച് കോടി രൂപ സർക്കാർ അനുവദിച്ചുവരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് ഓരോ എം.എൽ.എ.-യ്ക്കും ഒരു സാമ്പത്തിക വർഷം പരമാവധി 20 പ്രവൃത്തികൾ ശുപാർശ ചെയ്ത് നടപ്പാക്കാവുന്നതാണ്.

3. നബാർഡ് സഹായത്തോടെ കൂടുതൽ പദ്ധതികൾ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്നതിനായി ആസ്തി വികസന ഫണ്ട് കൂടി പ്രയോജനപ്പെടുത്തുന്നതിന് എം.എൽ.എ.-മാർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. നബാർഡ്-ആർ. ഐ. ഡി. എഫ്. പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഭാഗഭാക്കാകുന്നതിലേക്കായി പ്രസ്തുത പ്രവൃത്തികളിൽ സംസ്ഥാന സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ വിഹിതം ആസ്തി വികസന ഫണ്ടിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്ന് എം.എൽ.എ.-മാർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ വ്യവസ്ഥയില്ല.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തികവർഷം മുതൽ നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള സർക്കാർ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ വർഷത്തേയ്ക്കും ഇതിനായുള്ള ശുപാർശകൾ അതത് വർഷം ഏപ്രിൽ 30-നകം എം. എൽ. എ.-മാർ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നിയോജകമണ്ഡലത്തിന് പ്രയോജനപ്പെടുന്ന പ്രവൃത്തികൾ എം.എൽ.എ.-മാർക്ക് കണ്ടെത്താവുന്നതാണ്. ശുപാർശകൾ ഭരണവകുപ്പുകൾക്ക് നൽകുന്നതോടൊപ്പം ആയതിന്റെ ഒരു പകർപ്പ് അതത് ജില്ലാ കളക്ടർമാർക്കും നൽകേണ്ടതാണ്.

5. നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതി നടപ്പാക്കുന്നത് കൂടുതലും ഗ്രാമീണ പ്രദേശങ്ങളിലായതിനാൽ ഗ്രാമീണ മേഖല ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാർക്കായിരിക്കും ഇപ്രകാരം ശുപാർശ നൽകുന്നതിൽ മുൻഗണന ലഭിക്കുക. എന്നാൽ ആർ. ഐ. ഡി. എഫ്. പദ്ധതികളിൽ നഗര-ഗ്രാമ മേഖലകൾ ഉൾപ്പെടുന്നുവെങ്കിൽ ആയതിലേക്ക് ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ.-യ്ക്കും ശുപാർശ സമർപ്പിക്കാവുന്നതാണ്.

6. നബാർഡ് ആർ. ഐ.ഡി.എഫ്. പദ്ധതികളുടെ ആകെ തുക 10 കോടി രൂപയോ അതിനുമുകളിലോ ആയിരിക്കണം. യാതൊരു കാരണവശാലും പ്രവൃത്തിയുടെ ആകെ തുക 5 കോടി രൂപയിൽ കുറയാൻ പാടില്ല. പദ്ധതിയുടെ സ്വഭാവമനുസരിച്ച് അടങ്കൽ തുകയുടെ പരമാവധി 20% വരെ ആസ്തി വികസന ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

7. 2018–19 മുതൽ PRICE സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന വിശദമായ പദ്ധതി രൂപരേഖ (DPR) ഉൾപ്പെടെ മാത്രമേ നബാർഡിലേക്ക് അയയ്ക്കുകയുള്ളു. മേൽപ്രകാരമുള്ള പദ്ധതി രൂപരേഖ ഇല്ലാത്ത പ്രവൃത്തികൾ ആർ.ഐ.ഡി.എഫ്. ഫണ്ടിന് പരിഗണിക്കുന്നതല്ല. ആയതിനാൽ എല്ലാ വകുപ്പുകളും/നിർവ്വഹണ ഏജൻസികളും ഓരോ സാമ്പത്തികവർഷാരംഭത്തിലും എം.എൽ.എ. ശുപാർശ ചെയ്ത പദ്ധതികൾ ഉൾപ്പെടെ നബാർഡ്-ആർ.ഐ.ഡി.എഫ്. ഫണ്ട് ലഭ്യമാക്കേണ്ട പദ്ധതികളുടെ ഒരു പട്ടിക പദ്ധതി രൂപരേഖ ഉൾപ്പെടെ ഓരോ വർഷവും മേയ് 31-നകം തയ്യാറാക്കേണ്ടതാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല ഉന്നതാധികാര സമിതി (SLEC) യോഗത്തിൽ പ്രസ്തുത DPR ഉൾപ്പെടെയുള്ള പ്രവൃത്തികൾ സമർപ്പിക്കേണ്ടതും പ്രസ്തുത യോഗത്തിൽ ടി പ്രവൃത്തികൾ പരിശോധിക്കുന്നതും ആയതനുസരിച്ച് പ്രവൃത്തികളുടെ മുൻഗണനാടിസ്ഥാനത്തിലുള്ള ഒരു ലിസ്റ്റ് അതത് ഭരണവകുപ്പുകൾ തയ്യാറാക്കേണ്ടതുമാണ്. ഇപ്രകാരം തയ്യാറാക്കിയ ലിസ്റ്റ്, പദ്ധതി രൂപരേഖയുടെ ശരിപ്പകർപ്പ് ഉൾപ്പെടെ നബാർഡിന്റെ പരിഗണനക്ക് അയയ്ക്കുന്നതിനായി ധനകാര്യവകുപ്പിന് നൽകേണ്ടതാണ്. ആയത് ഓരോ വർഷവും സെപ്റ്റംബർ 30-നകം പൂർത്തീകരിക്കേണ്ടതാണ്. അനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ബന്ധപ്പെട്ട എം.എൽ.എ.-യെ അറിയിക്കേണ്ടതാണ്. എം. എൽ. എ.-മാർക്ക് പ്രസ്തുത തുകയ്ക്ക് മറ്റ് പ്രവൃത്തികൾ (നബാർഡ് - ആർ.ഐ.ഡി.എഫ്. അല്ലാത്തവ) ആസ്തി വികസന പദ്ധതിയിൻകീഴിൽ ശുപാർശ ചെയ്യാവുന്നതാണ്.

8. 2019–20 മുതൽ സാങ്കേതികാനുമതി (TS) നൽകുന്നതിന് സജ്ജമായ പ്രവൃത്തികൾ മാത്രമേ ആർ.ഐ.ഡി.എഫ്. മുഖേന പരിഗണിക്കുയുള്ളൂ. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോ ഇൻവെസ്റ്റിഗേഷനോ ആവശ്യമായ തുക ബന്ധപ്പെട്ട വകുപ്പ് ചെലവഴിക്കേണ്ടതാണ്. പ്രസ്തുത തുക പിന്നീട് DPR-ൽ ഉൾപ്പെടുത്തി തരുന്ന പക്ഷം പ്രീ ഓപ്പറേറ്റീവ് ചെലവുകൾക്കായി നബാർഡ്-ആർ.ഐഡി.എഫ്. ഫണ്ട് വഴി പ്രോജക്ട് കോസ്റ്റിന്റെ പരമാവധി 1% തുക അനുവദിക്കുന്നതാണ്.

9. നബാർഡ് അനുമതി നൽകി ഒരു മാസത്തിനകം പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിക്കേണ്ടതാണ്. ഭരണാനുമതി ഉത്തരവിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം എത്രയെന്നത് പ്രത്യേകം പരാമർശിക്കേണ്ടതും പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും വഹിക്കുന്നതുമാണ്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് എം.എൽ.എ.-യ്ക്കും നിയോജക മണ്ഡലം ഉൾപ്പെടുന്ന ജില്ലയുടെ കളക്ടർക്കും നൽകേണ്ടതാണ്. ജില്ലാ കളക്ടർ ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയ്ക്കായി ആസ്തി വികസന ഫണ്ടിൽ നിന്നും അനുമതി നൽകിയ വിഹിതം എം.എൽ.എ.-യുടെ ആ വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

10. അനുമതി ലഭിച്ച പ്രവൃത്തികളുടെ നബാർഡ് വിഹിതത്തിന്റെ 20% തുക, ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റെല്ലാ മാനദണ്ഡങ്ങൾക്കും, വിധേയമായി, മുൻകൂറായി നബാർഡ് നൽകുന്നതായിരിക്കും. മേൽ പ്രവൃത്തികൾ ആരംഭിക്കുമ്പോൾ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ചെലവഴിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതം പ്രവർത്തന പുരോഗതിയനുസരിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. എസ്. ഉഷ,
*അഡീഷണൽ സെക്രട്ടറി (ധനകാര്യം).*

<u>പകർപ്പ്:</u>

എല്ലാ എം.എൽ.എ.-മാർക്കും.

ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി. ആന്റ് എസ്. എസ്. എ.), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ ഭരണ വകുപ്പുകൾക്കും.

എല്ലാ വകുപ്പ് തലവൻമാർക്കും.

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്.

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും

നോഡൽ ഓഫീസർ, *www.finance.kerala.gov.in*

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (File No. NC-B3/64/2017-FIN).

## Annexure I

# RIDF-ELIGIBLE ACTIVITIES

A. Agriculture and related sectors (RIDF loan: 95%)

1. Minor Irrigation Projects/ Micro Irrigation;
2. Soil Conservation;
3. Flood Protection;
4. Watershed Development/ Reclamation of waterlogged areas;
5. Drainage
6. Forest Development;
7. Market Yard, Godown, Mandi, Rural Haat, Marketing Infrastructure;
8. Cold storage, Public/ Joint sector cold storage at various exit points;
9. Seed/ Agriculture/ Horticulture Farms;
10. Plantation and Horticulture;
11. Grading/ certifying mechanisms; testing/ certifying laboratories;
12. Community irrigation wells for the village as a whole;
13. Fishing harbour/ jetties;
14. Riverine Fisheries;
15. Animal Husbandry;
16. Modern Abattoir;
17. Medium Irrigation Projects;
18. Mini Hydel Projects/ Small Hydel Projects (upto 25 MW);
19. Major Irrigation Projects (already sanctioned and under execution);
20. Village Knowledge Centres;
21. Desalination plants in coastal areas;
22. Infrastructure for Information Technology in rural areas;
23. Infrastructure works related with alternate sources of energy viz Solar, wind etc. & energy consrvation.
24. 5/10, M W Solar Photo Voltaic Power Plants.
25. Separate Feeder lines
26. Establishment of dedicated Rural Industrial Estates

B. Social Sectors (RIDF loan: 85%)

1. Drinking Water;
2. Infrastructure for Rural Education Institutions;
3. Public Health Institutions;
4. Construction of toilet blocks in existing schools, specially for girls
5. "Pay & use" toilets in rural areas;
6. Construction of AnganwadiCentres;
7. Setting up of KVIC industrial estates/ centers.
8. Solid Waste Management and Infrastructure works related with sanitation rural areas

C. Rural Connectivity (RIDF loan: 80%)

1. Rural Roads;
2. Rural Bridges;